# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

### 2018 നവംബർ 27, ചൊവ്വ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 174 - നമ്പർ 1

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

2018 നവംബർ 27, ചൊവ്വ

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി

**ശ്രീ. വി. കെ. ബാബു പ്രകാശ്**

ചീഫ് എഡിറ്റർ

**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗപിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : ശ്രീ. ഇ. ചന്ദ്രശേഖരൻ |
| ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : ശ്രീ. ഇ. പി. ജയരാജൻ |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. എം. എം. മണി |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി | : ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി | : പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി | : ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : ഡോ. ടി. എം. തോമസ് ഐസക് |

(26-11-2018-ന് ജലവിഭവ വകുപ്പുമന്ത്രി ശ്രീ. മാത്യു ടി. തോമസ് മന്ത്രിസ്ഥാനം രാജിവച്ചതിനെത്തുടർന്ന് ജലവിഭവ വകുപ്പിന്റെ ചുമതല മുഖ്യമന്ത്രി ഏറ്റെടുത്തു. 27-11-2018-ന് വൈകുന്നേരം 5.00 മണിക്ക് ശ്രീ. കെ. കൃഷ്ണൻകുട്ടി ജലവിഭവ വകുപ്പുമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തു.)

# പതിമൂന്നാം സമ്മേളനം

## അംഗങ്ങൾ

1. ശ്രീ. അബ്ദുൽ ഹമീദ്. പി. (വള്ളിക്കുന്ന്)
2. ശ്രീ. കെ. വി. അബ്ദുൾ ഖാദർ (ഗുരുവായൂർ)
3. ശ്രീ. പാറക്കൽ അബ്ദുല്ല (കുറ്റ്യാടി)
4. ശ്രീ. പി. കെ. അബ്ദു റബ്ബ് (തിരൂരങ്ങാടി)
5. ശ്രീ. വി. അബ്ദുറഹിമാൻ (താനൂർ)
6. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ (കോട്ടയ്ക്കൽ)
7. ശ്രീ. വി. എസ്. അച്ചുതാനന്ദൻ (മലമ്പുഴ)
8. ശ്രീ. അടൂർ പ്രകാശ് (കോന്നി)
9. ശ്രീ. ടി. എ. അഹമ്മദ് കബീർ (മങ്കട)
10. ശ്രീമതി പി. അയിഷാ പോറ്റി (കൊട്ടാരക്കര)
11. ശ്രീ. മഞ്ഞളാംകുഴി അലി (പെരിന്തൽമണ്ണ)
12. ശ്രീ. അനിൽ അക്കര (വടക്കാഞ്ചേരി)
13. ശ്രീ. എ. പി. അനിൽ കുമാർ (വണ്ടൂർ - എസ്.സി. )
14. ശ്രീ. അനൂപ് ജേക്കബ് (പിറവം)
15. ശ്രീ. കെ. ആൻസലൻ (നെയ്യാറ്റിൻകര)
16. ശ്രീ. ആന്റണി ജോൺ (കോതമംഗലം)
17. ശ്രീ. പി. വി. അൻവർ (നിലമ്പൂർ)
18. ശ്രീ. അൻവർ സാദത്ത് (ആലുവ)
19. ശ്രീ. എ. എം. ആരിഫ് (അരൂർ)
20. പ്രൊഫ. കെ. യു. അരുണൻ (ഇരിങ്ങാലക്കുട)
21. ശ്രീമതി സി. കെ. ആശ (വൈക്കം - എസ്.സി. )

22. ശ്രീ. കെ. ബാബു (നെന്മാറ)
23. ശ്രീ. ഐ. സി. ബാലകൃഷ്ണൻ (സുൽത്താൻബത്തേരി-എസ്.ടി.)
24. ശ്രീ. എ. കെ. ബാലൻ (തരൂർ - എസ്.സി.)
25. ശ്രീ. വി. ടി. ബൽറാം (തൃത്താല)
26. ശ്രീ. പി. കെ. ബഷീർ (ഏറനാട്)
27. ശ്രീമതി ഇ. എസ്. ബിജിമോൾ (പീരുമേട്)
28. ശ്രീ. ഇ. ചന്ദ്രശേഖരൻ (കാഞ്ഞങ്ങാട്)
29. ശ്രീ. കെ. ദാസൻ (കൊയിലാണ്ടി)
30. ശ്രീ. ബി. ഡി. ദേവസ്സി (ചാലക്കുടി)
31. ശ്രീ. സി. ദിവാകരൻ (നെടുമങ്ങാട്)
32. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് (കളമശ്ശേരി)
33. ശ്രീ. എൽദോ എബ്രഹാം (മൂവാറ്റുപുഴ)
34. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ (പെരുമ്പാവൂർ)
35. ശ്രീ. കെ. ബി. ഗണേഷ് കുമാർ (പത്തനാപുരം)
36. ശ്രീമതി ഗീതാ ഗോപി (നാട്ടിക -എസ്.സി.)
37. ശ്രീ. ജോർജ് എം. തോമസ് (തിരുവമ്പാടി)
38. ശ്രീ. പി. സി. ജോർജ് (പൂഞ്ഞാർ)
39. ശ്രീ. ചിറ്റയം ഗോപകുമാർ (അടൂർ - എസ്.സി.)
40. ശ്രീ. സി. കെ. ഹരീന്ദ്രൻ (പാറശ്ശാല)
41. ശ്രീ. ഹൈബി ഈഡൻ (എറണാകുളം)
42. ശ്രീ. ടി. വി. ഇബ്രാഹിം (കൊണ്ടോട്ടി)
43. ഡോ. കെ. ടി. ജലീൽ (തവനൂർ)
44. ശ്രീ. ജെയിംസ് മാത്യു (തളിപ്പറമ്പ്)

45. ശ്രീ. ജി. എസ്. ജയലാൽ (ചാത്തന്നൂർ)
46. ഡോ. എൻ. ജയരാജ് (കാഞ്ഞിരപ്പള്ളി)
47. ശ്രീ. ഇ. പി. ജയരാജൻ (മട്ടന്നൂർ)
48. ശ്രീ. ജോൺ ഫെർണാണ്ടസ് (ആംഗ്ലോ ഇന്ത്യൻ പ്രതിനിധി)
49. ശ്രീ. കെ. സി. ജോസഫ് (ഇരിക്കൂർ)
50. ശ്രീ. പി. ജെ. ജോസഫ് (തൊടുപുഴ)
51. ശ്രീ. വി. ജോയി (വർക്കല)
52. ശ്രീ. ഒ. ആർ. കേളു (മാനന്തവാടി-എസ്.ടി.)
53. ശ്രീ. കെ. എൻ. എ. ഖാദർ (വേങ്ങര)
54. ശ്രീ. സി. കൃഷ്ണൻ (പയ്യന്നൂർ)
55. ശ്രീ. കെ. കൃഷ്ണൻകുട്ടി (ചിറ്റൂർ)
56. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
57. ശ്രീ. കോവൂർ കുഞ്ഞുമോൻ (കുന്നത്തൂർ-എസ്.സി.)
58. ശ്രീ. വി. കെ. സി. മമ്മത് കോയ (ബേപ്പൂർ)
59. ശ്രീ. സി. മമ്മൂട്ടി (തിരൂർ)
60. ശ്രീ. കെ. എം. മാണി (പാലാ)
61. ശ്രീ. എം. എം. മണി (ഉടുമ്പൻചോല)
62. ശ്രീ. മാത്യു ടി. തോമസ് (തിരുവല്ല)
63. ശ്രീ. കെ. ജെ. മാക്സി (കൊച്ചി)
64. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ (കുണ്ടറ)
65. ശ്രീ. എ. സി. മൊയ്തീൻ (കുന്നംകുളം)
66. ശ്രീ. മോൻസ് ജോസഫ് (കടുത്തുരുത്തി)
67. ശ്രീ. മുഹമ്മദ് മുഹസിൻ. പി. (പട്ടാമ്പി)
68. ശ്രീ. എം. മുകേഷ് (കൊല്ലം)
69. ഡോ. എം. കെ. മുനീർ (കോഴിക്കോട് സൗത്ത്)

70. ശ്രീ. കെ. മുരളീധരൻ (വട്ടിയൂർക്കാവ്)

71. ശ്രീ. ഡി. കെ. മുരളി (വാമനപുരം)

72. ശ്രീ. മുരളി പെരുനെല്ലി (മണലൂർ)

73. ശ്രീ. സി. കെ. നാണു (വടകര)

74. ശ്രീ. എൻ. എ. നെല്ലിക്കുന്ന് (കാസർഗോഡ്)

75. ശ്രീ. എം. നൗഷാദ് (ഇരവിപുരം)

76. ശ്രീ. ഉമ്മൻ ചാണ്ടി (പുതുപ്പള്ളി)

77. ശ്രീ. യു. ആർ. പ്രദീപ് (ചേലക്കര)

78. ശ്രീ. എ. പ്രദീപ്കുമാർ (കോഴിക്കോട് നോർത്ത്)

79. ശ്രീ. കെ. ഡി. പ്രസേനൻ (ആലത്തൂർ)

80. ശ്രീമതി യു. പ്രതിഭ (കായംകുളം)

81. ശ്രീ. പുരുഷൻ കടലുണ്ടി (ബാലുശ്ശേരി - എസ്.സി.)

82. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (കോട്ടയം)

83. ശ്രീ. പി. ടി. എ. റഹീം (കുന്ദമംഗലം)

84. ശ്രീ. ഒ. രാജഗോപാൽ (നേമം)

85. ശ്രീ. എം. രാജഗോപാലൻ (തൃക്കരിപ്പൂർ)

86. ശ്രീ. കെ. രാജൻ (ഒല്ലൂർ)

87. ശ്രീ. എസ്. രാജേന്ദ്രൻ (ദേവികുളം-എസ്.സി.)

88. ശ്രീ. ആർ. രാജേഷ് (മാവേലിക്കര-എസ്.സി.)

89. ശ്രീ. റ്റി. വി. രാജേഷ് (കല്യാശ്ശേരി)

90. ശ്രീ. കെ. രാജു (പുനലൂർ)

91. ശ്രീ. രാജു എബ്രഹാം (റാന്നി)

92. ശ്രീ. ആർ. രാമചന്ദ്രൻ (കരുനാഗപ്പള്ളി)

93. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി (കണ്ണൂർ)

94. ശ്രീ. റ്റി. പി. രാമകൃഷ്ണൻ (പേരാമ്പ്ര)

95. ശ്രീ. രമേശ് ചെന്നിത്തല (ഹരിപ്പാട്)

96. ശ്രീ. മുല്ലക്കര രത്നാകരൻ (ചടയമംഗലം)

97. പ്രൊഫ. സി. രവീന്ദ്രനാഥ് (പുതുക്കാട്)

98. ശ്രീ. കാരാട്ട് റസാഖ് (കൊടുവള്ളി)

99. ശ്രീ. റോജി എം. ജോൺ (അങ്കമാലി)

100. ശ്രീ. റോഷി അഗസ്റ്റിൻ (ഇടുക്കി)

101. ശ്രീ. കെ. എസ്. ശബരീനാഥൻ (അരുവിക്കര)

102. ശ്രീ. വി. പി. സജീന്ദ്രൻ (കുന്നത്തുനാട്-എസ്.സി. )

103. ശ്രീ. സജി ചെറിയാൻ (ചെങ്ങന്നൂർ)

104. ശ്രീ. എൻ. ഷംസുദ്ദീൻ (മണ്ണാർക്കാട്)

105. ശ്രീ. എസ്. ശർമ്മ (വൈപ്പിൻ)

106. ശ്രീ. എ. കെ. ശശീന്ദ്രൻ (ഏലത്തൂർ)

107. ശ്രീ. സി. കെ. ശശീന്ദ്രൻ (കൽപ്പറ്റ)

108. ശ്രീ. പി. കെ. ശശി (ഷൊർണ്ണൂർ)

109. ശ്രീ. വി. ശശി (ചിറയിൻകീഴ്-എസ്.സി.)

110. ശ്രീ. വി. ഡി. സതീശൻ (പറവൂർ)

111. ശ്രീ. ഐ. ബി. സതീഷ് (കാട്ടാക്കട)

112. ശ്രീ. ബി. സത്യൻ (ആറ്റിങ്ങൽ-എസ്.സി.)

113. ശ്രീ. ഷാഫി പറമ്പിൽ (പാലക്കാട്)

114. ശ്രീ. കെ. എം. ഷാജി (അഴീക്കോട്)

115. ശ്രീ. എ. എൻ. ഷംസീർ (തലശ്ശേരി)

116. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ (കൂത്തുപറമ്പ്)

117. ശ്രീ. വി. എസ്. ശിവകുമാർ (തിരുവനന്തപുരം)

118. ശ്രീ. പി. ശ്രീരാമകൃഷ്ണൻ (പൊന്നാനി)

119. ശ്രീ. ജി. സുധാകരൻ (അമ്പലപ്പുഴ)

120. ശ്രീ. വി. ആർ. സുനിൽ കുമാർ (കൊടുങ്ങല്ലൂർ)

121. ശ്രീ. വി. എസ്. സുനിൽ കുമാർ (തൃശ്ശൂർ)

122. ശ്രീ. സണ്ണി ജോസഫ് (പേരാവൂർ)

123. ശ്രീ. കടകംപള്ളി സുരേന്ദ്രൻ (കഴക്കൂട്ടം)

124. ശ്രീ. കെ. സുരേഷ് കുറുപ്പ് (ഏറ്റുമാനൂർ)

125. ശ്രീ. എം. സ്വരാജ് (തൃപ്പൂണിത്തുറ)

126. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ (കയ്പമംഗലം)

127. ശ്രീ. പി. തിലോത്തമൻ (ചേർത്തല)

128. ശ്രീ. സി. എഫ്. തോമസ് (ചങ്ങനാശ്ശേരി)

129. ശ്രീ. പി. ടി. തോമസ് (തൃക്കാക്കര)

130. ശ്രീ. തോമസ് ചാണ്ടി (കുട്ടനാട്)

131. ഡോ. ടി. എം. തോമസ് ഐസക് (ആലപ്പുഴ)

132. ശ്രീ. പി. ഉബൈദുള്ള (മലപ്പുറം)

133. ശ്രീ. എം. ഉമ്മർ (മഞ്ചേരി)

134. ശ്രീ. പി. ഉണ്ണി (ഒറ്റപ്പാലം)

135. ശ്രീമതി വീണാ ജോർജ്ജ് (ആറന്മുള)

136. ശ്രീ. കെ. വി. വിജയദാസ് (കോങ്ങാട് -എസ്.സി.)

137. ശ്രീ. ഇ. കെ. വിജയൻ (നാദാപുരം)

138. ശ്രീ. പിണറായി വിജയൻ (ധർമ്മടം)

139. ശ്രീ. എൻ. വിജയൻ പിള്ള (ചവറ)

140. ശ്രീ. എം. വിൻസെന്റ് (കോവളം)

*(പതിനാലാം കേരള നിയമസഭയിലെ അംഗമായിരുന്ന പി.ബി. അബ്ദുൽ റസ്സാക്ക് 20-10-2018-ന് അന്തരിച്ചു.)

## വിവിധ മന്ത്രിമാർ ചുമതല വഹിക്കുന്ന വിഷയങ്ങളുടെ പട്ടിക

ശ്രീ. പിണറായി വിജയൻ, മുഖ്യമന്ത്രി

പൊതുഭരണം

അഖിലേന്ത്യാ സർവ്വീസുകൾ

ആസൂത്രണവും സാമ്പത്തിക കാര്യവും

ശാസ്ത്രം, സാങ്കേതികശാസ്ത്രം, പരിസ്ഥിതി

മലിനീകരണ നിയന്ത്രണം

സയന്റിഫിക് ഇൻസ്റ്റിറ്റ്യൂട്ടുകൾ

പേഴ്സണൽ ആന്റ് അഡ്മിനിസ്ട്രേറ്റീവ് റിഫോംസ്

തെരഞ്ഞെടുപ്പ്

ഇന്റഗ്രേഷൻ

ഇൻഫർമേഷൻ ടെക്നോളജി

സൈനികക്ഷേമം

ദുരിതാശ്വാസം

സ്റ്റേറ്റ് ഹോസ്പിറ്റാലിറ്റി

എയർപോർട്സ്

മെട്രോ റെയിൽ

അന്തർസംസ്ഥാന  നദീജലം

ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ്

നോർക്ക

ആഭ്യന്തരം

വിജിലൻസ്

അഡ്മിനിസ്ട്രേഷൻ ഓഫ് സിവിൽ ആന്റ് ക്രിമിനൽ ജസ്റ്റിസ്

അഗ്നിശമനം

ജയിലുകൾ

അച്ചടിയും സ്റ്റേഷനറിയും

ഇൻലാന്റ് നാവിഗേഷൻ (ജലപാത നിർമ്മാണം)

കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ

രാജീവ്ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജി

ജലസേചനം

കമാൻഡ് ഏരിയ ഡെവലപ്മെന്റ് അതോറിറ്റി

ഗ്രൗണ്ട് വാട്ടർ ഡെവലപ്മെന്റ്

ശുദ്ധജലവിതരണവും ശുചീകരണവും

മറ്റെങ്ങും പരാമർശിച്ചിട്ടില്ലാത്ത വിഷയങ്ങൾ

ശ്രീ. എ. കെ. ബാലൻ, പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി

പട്ടികജാതിക്ഷേമം

പട്ടികവർഗ്ഗക്ഷേമം

പിന്നോക്കസമുദായക്ഷേമം

നിയമം

സാംസ്കാരികം

പാർലമെന്ററികാര്യം

കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്

കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ

കേരള ചലച്ചിത്ര അക്കാദമി

ശ്രീ. ഇ. ചന്ദ്രശേഖരൻ, റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി

ലാൻഡ് റവന്യൂ

സർവ്വേയും ലാൻഡ് റെക്കോർഡ്സും

ലാൻഡ് റിഫോംസ്

ഭവനനിർമ്മാണം

<u>ഡോ. കെ. ടി. ജലീൽ, ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി</u>

കോളേജ് വിദ്യാഭ്യാസം

സാങ്കേതിക വിദ്യാഭ്യാസം

സർവ്വകലാശാലകൾ (കാർഷിക, വെറ്ററിനറി, ഫിഷറീസ്, മെഡിക്കൽ സർവ്വകലാശാല ഒഴികെ)

പ്രവേശന പരീക്ഷകൾ

എൻ.സി.സി.

അസാപ് (ASAP)

ന്യൂനപക്ഷക്ഷേമം

വഖഫും ഹജ്ജ് തീർത്ഥാടനവും

<u>ശ്രീ. ഇ. പി. ജയരാജൻ, വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി</u>

വ്യവസായം (സഹകരണ വ്യവസായ സ്ഥാപനങ്ങൾ ഉൾപ്പെടെ)

വാണിജ്യം

മൈനിംഗ് ആന്റ് ജിയോളജി

കൈത്തറിയും ടെക്സ്റ്റൈലും

ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ്

സ്പോർട്സും യുവജനകാര്യവും

<u>ശ്രീ. എം. എം. മണി, വൈദ്യുതി വകുപ്പുമന്ത്രി</u>

വിദ്യുച്ഛക്തി

<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ, മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി</u>

മത്സ്യബന്ധനം

ഹാർബർ എഞ്ചിനീയറിംഗ്

കശുവണ്ടി വ്യവസായം

ഫിഷറീസ് സർവ്വകലാശാല

<u>ശ്രീ. എ. സി. മൊയ്തീൻ, തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി</u>

പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും

ഗ്രാമവികസനം

ടൗൺ പ്ലാനിംഗ്

പ്രാദേശിക വികസന അതോറിറ്റികൾ

കില

<u>ശ്രീ. കെ. രാജു, വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി</u>

വനം

വന്യജീവി സംരക്ഷണം

മൃഗസംരക്ഷണം

ക്ഷീരവികസനം, ക്ഷീരസഹകരണ സ്ഥാപനങ്ങൾ

മൃഗശാലകൾ

വെറ്ററിനറി സർവ്വകലാശാല

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി, തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി</u>

തുറമുഖം

കാഴ്ചബംഗ്ലാവുകൾ

പുരാവസ്തു

പുരാരേഖ

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ, തൊഴിലും എക്സൈസും വകുപ്പുമന്ത്രി</u>

തൊഴിൽ

നൈപുണ്യം

തൊഴിലും പരിശീലനവും

പുനരധിവാസം

ഫാക്ടറീസ് ആന്റ് ബോയിലേഴ്സ്

ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസ്

ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽസ്

എക്സൈസ്

ലേബർ കോർട്ട്സ്

<u>പ്രൊഫ. സി. രവീന്ദ്രനാഥ്, പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി</u>

പൊതുവിദ്യാഭ്യാസം

സാക്ഷരത മിഷൻ

<u>ശ്രീ. എ. കെ. ശശീന്ദ്രൻ, ഗതാഗത വകുപ്പുമന്ത്രി</u>

റോഡ് ഗതാഗതം

മോട്ടോർ വാഹനങ്ങൾ

ജലഗതാഗതം

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ, ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി</u>

ആരോഗ്യം

കുടുംബക്ഷേമം

മെഡിക്കൽ വിദ്യാഭ്യാസം

ഇൻഡിജിനസ് മെഡിസിൻ

മെഡിക്കൽ സർവ്വകലാശാല

ഡ്രഗ്സ് കൺട്രോൾ

ഹോമിയോപ്പതി

പ്രകൃതി ചികിത്സ

ആയുഷ്

സാമൂഹ്യനീതി

<u>ശ്രീ. ജി. സുധാകരൻ, പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി</u>

പൊതുമരാമത്ത്

രജിസ്ട്രേഷൻ

കമ്പിത്തപാൽ

റെയിൽവേ

<u>ശ്രീ. വി. എസ്. സുനിൽ കുമാർ, കൃഷി വകുപ്പുമന്ത്രി</u>

കൃഷി

സോയിൽ സർവ്വേ

സോയിൽ കൺസർവേഷൻ

കാർഷിക സർവ്വകലാശാല

വെയർഹൗസിംഗ് കോർപ്പറേഷൻ

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി</u>

സഹകരണം

വിനോദസഞ്ചാരം

ദേവസ്വം

<u>ശ്രീ. പി. തിലോത്തമൻ, ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി</u>

ഭക്ഷ്യവും സിവിൽ സപ്ലൈസും

ഉപഭോക്തൃകാര്യം

ലീഗൽ മെട്രോളജി

<u>ഡോ. ടി. എം. തോമസ് ഐസക്, ധനകാര്യവും കയറും വകുപ്പുമന്ത്രി</u>

ധനകാര്യം

നാഷണൽ സേവിംഗ്സ്

സ്റ്റോർ പർച്ചേസ്

വാണിജ്യനികുതി

കാർഷികാദായ നികുതി

ട്രഷറീസ്

ലോട്ടറീസ്

സ്റ്റേറ്റ് ഓഡിറ്റ്

കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ

കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ്

സ്റ്റേറ്റ് ഇൻഷ്വറൻസ്

സ്റ്റാമ്പ് ആന്റ് സ്റ്റാമ്പ് ഡ്യൂട്ടീസ്

കയർ

# ഉള്ളടക്കം

*പേജ്*

**ചരമോപചാരം**

പി. ബി. അബ്ദുൽ റസ്സാക്കിന്റെ നിര്യാണം സംബന്ധിച്ച
റഫറൻസ് ...01

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

*2018 നവംബർ 27, ചൊവ്വ*

വാല്യം 174] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 1

പതിനാലാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനം 2018 നവംബർ മാസം 27-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് ദേശീയ ഗാനാലാപനത്തോടെ ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ ആരംഭിച്ചു.

### ചരമോപചാരം

പി. ബി. അബ്ദുൽ റസ്സാക്കിന്റെ നിര്യാണം സംബന്ധിച്ച റഫറൻസ്

മി. സ്പീക്കർ: പതിനാലാം കേരള നിയമസഭയിൽ നമ്മോടൊപ്പമുണ്ടായിരുന്ന പി. ബി. അബ്ദുൽ റസ്സാക്ക് 2018 ഒക്ടോബർ 20-ന് അന്തരിച്ചു. അദ്ദേഹം മഞ്ചേശ്വരം മണ്ഡലത്തിൽ നിന്നും ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ് പ്രതിനിധിയായാണ് നിയമസഭാംഗമായത്. ചെങ്കള ആലമ്പാടി പടിഞ്ഞാറേ മൂലയിൽ ബീരാൻ മൊയ്തീൻ ഹാജിയുടെയും ബീഫാത്തിമയുടെയും മകനായി 1955 ഒക്ടോബർ 1-ന് പി. ബി. അബ്ദുൽ റസ്സാക്ക് ജനിച്ചു. മുസ്ലീം യൂത്ത് ലീഗിലൂടെയാണ് അദ്ദേഹം സജീവ രാഷ്ട്രീയ പ്രവർത്തനം ആരംഭിച്ചത്. 1979-ൽ മുസ്ലീം ലീഗിൽ ചേർന്ന് പ്രവർത്തിക്കുകയുണ്ടായി. മുസ്ലീം യൂത്ത് ലീഗ്, മുസ്ലീം ലീഗ് എന്നിവയുടെ ചെങ്കള പഞ്ചായത്ത് കമ്മിറ്റി ജനറൽ സെക്രട്ടറിയായിരുന്ന പി. ബി. അബ്ദുൽ റസ്സാക്ക് പിന്നീട് കാസർഗോഡ് നിയോജകമണ്ഡലം ജനറൽ സെക്രട്ടറി, മുസ്ലീം ലീഗ് കാസർഗോഡ് ജില്ലാ വൈസ് പ്രസിഡന്റ്, സെക്രട്ടറി എന്നീ പദവികൾ വഹിച്ചു. 2000 മുതൽ 2005 വരെ ചെങ്കള ഗ്രാമപഞ്ചായത്ത് പ്രസിഡന്റായി പ്രവർത്തിച്ചു. 2005 മുതൽ 2009 വരെ ജില്ലാ പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനായിരുന്ന അദ്ദേഹം ഒരു വർഷം ജില്ലാ പഞ്ചായത്ത് പ്രസിഡന്റായും സേവനമനുഷ്ഠിച്ചു. മുസ്ലീം ലീഗിന്റെ സംസ്ഥാന പ്രവർത്തക സമിതിയിലും നാഷണൽ എക്സിക്യൂട്ടീവിലും അദ്ദേഹം അംഗമായിരുന്നു.

സാധാരണക്കാരനിൽനിന്ന് പ്രമുഖ വ്യവസായിയായി മാറിയ പി. ബി. അബ്ദുൽ റസ്സാക്ക് 2011-ൽ മഞ്ചേശ്വരം മണ്ഡലത്തിൽനിന്നും ആദ്യമായി നിയമസഭയിലെത്തി. തുടർന്ന് 2016-ൽ വീണ്ടും നിയമസഭാംഗമായി തെരഞ്ഞെടുക്കപ്പെട്ടു. ഭാഷാ ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾക്കുവേണ്ടി നില

കാര്യങ്ങൾക്കായിരുന്നു ഊന്നൽ നൽകിയത്. വർഗ്ഗീയ ശക്തികളെ കാസർഗോഡ് നിന്നും മഞ്ചേശ്വരത്തു നിന്നും തുടച്ചുനീക്കുന്നതിൽ അദ്ദേഹം ഒരു കോട്ടപോലെ പ്രവർത്തിച്ചുവെന്നുള്ളത് സ്മരണീയമാണ്. മതേതര വാദിയെന്ന നിലയിൽ ജനങ്ങൾ ഇഷ്ടപ്പെട്ടിരുന്ന പൊതുപ്രവർത്തകനായിരുന്നു അദ്ദേഹം. സപ്തഭാഷാ സംഗമ ഭൂമിയായ കാസർഗോഡിന്റെ വൈവിദ്ധ്യങ്ങളെ സമന്വയിപ്പിക്കാൻ കഴിഞ്ഞതുകൊണ്ടാണ് ജനങ്ങൾക്ക് ഏറ്റവും പ്രിയപ്പെട്ട ജനപ്രതിനിധിയായി അദ്ദേഹത്തിന് മാറാൻ കഴിഞ്ഞത്. 2011-ൽ നിയമസഭാ സാമാജികനായി എത്തിയതുമുതൽ അദ്ദേഹവുമായി വളരെയേറെ അടുത്ത് പ്രവർത്തിക്കാൻ എനിക്ക് അവസരം ലഭിച്ചിട്ടുണ്ട്. ഒരു സഹപ്രവർത്തകൻ എന്നതിലുപരി സഹോദര തുല്യമായ സ്നേഹം അദ്ദേഹം എന്നും പ്രകടിപ്പിച്ചിട്ടുണ്ട്. നല്ല ഒരു പൊതു പ്രവർത്തകൻ, മാതൃകാ ജനസേവകൻ തുടങ്ങിയ നിലകളിലെല്ലാം കേരളം എന്നും അദ്ദേഹത്തിന്റെ സംഭാവനകളെ ഓർമ്മിക്കും. അദ്ദേഹത്തിന്റെ ഓർമ്മകൾക്ക് മുമ്പിൽ ആദരാഞ്ജലികൾ ഞാൻ അർപ്പിക്കുന്നു.

[9.11 AM]

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, പി. ബി. അബ്ദുൽ റസ്സാക്കിന്റെ നിര്യാണത്തെ സംബന്ധിച്ച് അങ്ങും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും പറഞ്ഞ എല്ലാ വികാരങ്ങളോടും ഞാനും യോജിക്കുകയാണ്. അദ്ദേഹത്തിന്റെ അപ്രതീക്ഷിതമായ വേർപാട് നമുക്കെല്ലാം അങ്ങേയറ്റം ദുഃഖമുണ്ടാക്കിയ ഒരു സംഭവമായിരുന്നു. നിയമസഭയിൽ വ്യത്യസ്തമായ രാഷ്ട്രീയ പാർട്ടികളിൽ പ്രവർത്തിക്കുമ്പോഴും രൂക്ഷമായ രാഷ്ട്രീയ വാദ പ്രതിവാദങ്ങൾ നടത്തുമ്പോഴും വ്യക്തിപരമായ സ്നേഹബന്ധം അദ്ദേഹം എന്നും കാത്തുസൂക്ഷിച്ചിരുന്നു. അദ്ദേഹത്തിന്റെ ആ തൂവെള്ള വസ്ത്രവും പുഞ്ചിരി തൂകുന്ന മുഖവും ഒരിക്കലും മറക്കാൻ കഴിയുന്നതല്ല. നിയമസഭാ സാമാജികരായി വന്ന നമ്മളെക്കാൾ പി. ബി. അബ്ദുൽ റസ്സാക്കിന്റെ വിജയമാണ് കേരളത്തിലെ ജനങ്ങളെല്ലാം ശ്രദ്ധിച്ചത്. കാരണം വർഗ്ഗീയതയ്ക്കെതിരായി നടന്ന ഒരു വിജയമായിട്ടാണ് ആളുകൾ അതിനെ വിലയിരുത്തിയത്. താഴെത്തട്ടിലുള്ള ഭരണസംവിധാനവുമായി ബന്ധപ്പെട്ട് പഞ്ചായത്തുതലത്തിലും ജില്ലാ പഞ്ചായത്തുതലത്തിലുമൊക്കെ പ്രവർത്തിച്ചിരുന്ന ഒരു വ്യക്തിയെന്ന നിലയിൽ, എം.എൽ.എ.-യായപ്പോഴും താഴെത്തട്ടിലുള്ള ജനങ്ങളുമായുള്ള ബന്ധം കാത്തുസൂക്ഷിക്കാൻ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സൂചിപ്പിച്ചതുപോലെ വടക്കൻ മലബാറിന്റെയും കാസർഗോഡിന്റെയും വികസനകാര്യത്തിൽ വലിയ പങ്ക് വഹിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. രാഷ്ട്രീയത്തെക്കാളുപരി വികസനോന്മുഖമായ കാര്യങ്ങളിൽ ശ്രദ്ധ പുലർത്തിയിരുന്ന ഒരു മാതൃകാ പൊതുപ്രവർത്തകനായിരുന്നു അദ്ദേഹം. മന്ത്രിയെന്ന നിലയിൽ കാർഷിക മേഖലയുമായി ബന്ധപ്പെട്ടും

അല്ലാതെയും കാസർഗോഡ് ജില്ലയിൽ പോകുമ്പോഴെല്ലാം അദ്ദേഹത്തിന്റെ വീട്ടിലേയ്ക്ക് എന്നെ ക്ഷണിക്കുമായിരുന്നു. അദ്ദേഹത്തിന്റെ വീട്ടിൽ പോയി ആതിഥ്യം സ്വീകരിക്കാൻ ഒരു തവണ എനിക്കവസരമുണ്ടായി. പൊതുവെ മലബാർ മേഖലയിലെ ആളുകളിൽ കാണുന്ന സ്നേഹത്തെക്കാളുപരിയായി ഒരു പ്രത്യേക സ്നേഹം അദ്ദേഹം കാണിച്ചിരുന്നത് ഞാനെന്നും ശ്രദ്ധിച്ചിരുന്നതാണ്. സഹോദര തുല്യനായ ഒരു വലിയ മനുഷ്യനെയാണ് നമുക്ക് നഷ്ടമായിരിക്കുന്നത്. പി. ബി. അബ്ദുൽ റസ്സാക്കിന്റെ നിര്യാണത്തിൽ ഈ സഭയുടെ വികാരത്തോടൊപ്പം ഞാനും അദ്ദേഹത്തിന് ആദരാഞ്ജലികളർപ്പിക്കുന്നു.

[9.13 AM]

<u>ഡോ. എം. കെ. മുനീർ</u>: സർ, സപ്ത ഭാഷകളുടെ സംഗമ ഭൂമിയായ കേരളത്തിന്റെ അങ്ങേയറ്റത്തുള്ള മഞ്ചേശ്വരം നിയോജക മണ്ഡലത്തിൽനിന്ന് സപ്ത വർണ്ണങ്ങളോടുകൂടി വിജയിച്ചുവന്ന ഒരു പ്രതിഭയായിരുന്ന പി. ബി. അബ്ദുൽ റസ്സാക്ക് എല്ലാ അർത്ഥത്തിലും സാധാരണക്കാരന്റെ കൂടെനിന്ന ഒരു രാഷ്ട്രീയ പ്രവർത്തകനായിരുന്നു. ആ പ്രദേശത്തെ സ്നേഹമുള്ളവർ 'റദ്ദുച്ച' എന്നു വിളിക്കുന്ന പ്രിയപ്പെട്ട പി. ബി. അബ്ദുൽ റസ്സാക്ക് എം.എൽ.എ.-യുടെ വിയോഗം രാഷ്ട്രീയ പ്രസ്ഥാനത്തെ സംബന്ധിച്ചിടത്തോളം നികത്താൻ കഴിയാത്തതാണ്. കേരളത്തിനും അദ്ദേഹമൊരു തീരാനഷ്ടമാണ്. താൻ വരുന്ന പ്രദേശത്തിന്റെ വികാരങ്ങളെ നിയമസഭയിൽ പ്രകടിപ്പിക്കുകയും അതിനുവേണ്ടി പൊരുതുകയും ചെയ്യുക എന്നുള്ളത് അദ്ദേഹത്തിന്റെ ജീവിത ലക്ഷ്യമായിരുന്നു. ഭാഷാ ന്യൂനപക്ഷമായ കന്നഡ വിഭാഗത്തിനുവേണ്ടി അദ്ദേഹം കന്നഡ ഭാഷയിലാണ് സത്യപ്രതിജ്ഞ ചെയ്തത്. നമ്മളൊന്നും അറിയാത്ത ഒരു റദ്ദുച്ചയുണ്ട്. പാവപ്പെട്ടവരെ സഹായിക്കുന്നതിനുവേണ്ടി തന്റെ സമ്പത്ത് മുഴുവൻ വിനിയോഗിച്ച ഒരാളാണ്. അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിലെ പൈവേളികെ പഞ്ചായത്തിൽനിന്നും 80 സെന്റ് ഭൂമിയും ചെങ്കള പഞ്ചായത്തിൽനിന്നും 1.20 ഏക്കർ ഭൂമിയും ഭൂരഹിതരായ ആളുകൾക്കുവേണ്ടി സംഭാവനയായി സർക്കാരിന് വിട്ടുകൊടുത്ത വ്യക്തിയാണ്. അതിനുപുറമെ പൈവേളികെ പഞ്ചായത്തിൽ അദ്ദേഹം ഒരു പാവപ്പെട്ട കുടുംബത്തിന് 10 സെന്റ് ഭൂമി നൽകുകയും ചെയ്തു. തന്റെ ശമ്പളത്തിന്റെ മുഴുവൻ തുകയും പാവപ്പെട്ടവർക്കുവേണ്ടി മാറ്റിവയ്ക്കുന്ന ഒരു ജനപ്രതിനിധിയെ കാണാൻ കഴിയുമോ എന്നെനിക്കറിയില്ല. മാത്രമല്ല, വെള്ളിയാഴ്ച നിയമസഭാ സമ്മേളനം കഴിഞ്ഞ് ശനിയാഴ്ച വീട്ടിൽ പോയാൽ തന്റെ വീടിന് മുമ്പിൽ നിൽക്കുന്ന എല്ലാവരേയും നേരിട്ട് കണ്ട് അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തിയതിനുശേഷമേ അദ്ദേഹം ഭക്ഷണംപോലും കഴിക്കുമായിരുന്നുള്ളൂ. അതുകൊണ്ടുതന്നെയാണ് അദ്ദേഹത്തിന്റെ വിയോഗത്തിൽ മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ ജനങ്ങൾ മുഴുവൻ പൊട്ടിക്കരഞ്ഞത്.

നിയമസഭാ തെരഞ്ഞെടുപ്പ് കഴിഞ്ഞ് വോട്ടെണ്ണുന്ന സമയത്ത് വോട്ടെണ്ണുന്ന സ്ഥലത്ത് വന്നുനിന്ന് 89 വോട്ടിന് ജയിച്ചുവെന്ന് അറിഞ്ഞപ്പോൾ അദ്ദേഹം പൊട്ടിക്കരയുകയുണ്ടായി.'കേരളത്തിന്റെ മണ്ണിൽ മതേതരത്വത്തിന്റെ കൊടിക്കൂറ ഞാൻ ഇതാ ഉയർത്തിയിരിക്കുന്നു' എന്ന സന്തോഷത്തിന്റെ ബാഷ്പബിന്ദുക്കളാണ് അദ്ദേഹത്തിന്റെ കണ്ണിൽനിന്നും പൊഴിഞ്ഞത്. വർഗ്ഗീയതയേയും ഫാസിസത്തെയും ചെറുത്ത് തോൽപ്പിക്കുന്നതിനുവേണ്ടി മതനിരപേക്ഷതയുടെ കൊടിക്കൂറ അത്യുത്തര കേരളത്തിൽ ഉയർത്തിപ്പിടിച്ചത് നമ്മുടെ പ്രിയപ്പെട്ട 'റദ്ദുച്ച'യാണ് എന്നുപറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ഞങ്ങൾക്ക് രണ്ട് തീരാ നഷ്ടങ്ങളാണ് ഉണ്ടായിട്ടുള്ളത്. ചെർക്കളം അബ്ദുള്ള സാഹിബിന്റെ വിയോഗം കഴിഞ്ഞ് എങ്ങനെ അതിൽനിന്നും മുക്തമാകുമെന്ന് ആലോചിച്ചിരിക്കെയാണ് പെട്ടെന്ന് പി. ബി. അബ്ദുൽ റസ്സാക്ക് സാഹിബും നമ്മെ വിട്ടുപരിഞ്ഞത്. അങ്ങും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും മറ്റ് കക്ഷിനേതാക്കളും പറഞ്ഞ വികാരത്തോടൊപ്പം ഞങ്ങളും നിൽക്കുന്നു. ഇത് ഞങ്ങളെ സംബന്ധിച്ചിടത്തോളം വ്യക്തിപരമായത് മാത്രമല്ല പാർട്ടിയുടെയും നഷ്ടമാണ്. എന്നാൽ അത് കേരളത്തിന്റെ നഷ്ടമാണെന്ന് ബോധ്യപ്പെടുത്തുന്ന ഒരു ചരമോപചാരമാണ് ഇവിടെ നടന്നത്. അതിൽ ഞങ്ങളുടെ പാർട്ടിയുടെ അങ്ങേയറ്റത്തെ നന്ദി രേഖപ്പെടുത്തുന്നു.

[9.18 AM]

<u>ശ്രീ. സി. കെ. നാണു</u>: സർ, ആഴ്ചതോറും ട്രെയിനിൽ നിയമസഭയിലേയ്ക്ക് വന്നിരുന്ന പി. ബി. അബ്ദുൽ റസ്സാക്ക് മലബാർ ഭാഗത്തുനിന്ന് വരുന്ന മറ്റ് എം.എൽ.എ.-മാരെ കാത്തിരിക്കുമായിരുന്നു. ട്രെയിൻ ഏതാണ്ട് കോഴിക്കോട് കഴിഞ്ഞതിനുശേഷമാണ് അദ്ദേഹം ഉറങ്ങാറുണ്ടായിരുന്നത്. ഞങ്ങളെല്ലാവരും ഒരുമിച്ചുവരുന്ന ദിവസങ്ങളിൽ വളരെ രസകരമായി സംസാരിക്കുമായിരുന്ന അദ്ദേഹത്തെ ഞാൻ ഓർക്കുന്നു. അതുപോലെ അദ്ദേഹത്തിന്റെ മകന്റെ വിവാഹത്തിൽ പങ്കെടുക്കാൻ പോയപ്പോഴാണ് അദ്ദേഹം നല്ലൊരു കലാകാരനാണെന്ന് മനസ്സിലാക്കാൻ സാധിച്ചത്. അദ്ദേഹത്തിന്റെ ശവസംസ്കാര ചടങ്ങിൽ പങ്കെടുക്കാൻ ചെന്നപ്പോൾ സമയം വൈകിയിട്ടുപോലും ആയിര ക്കണക്കിന് ആളുകൾ അവിടെ തടിച്ചുകൂടിയിരുന്നത് അദ്ദേഹത്തിന് സ്വന്തം നാട്ടിലുള്ള അംഗീകാരം വ്യക്തമാക്കുന്നതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും മറ്റ് കക്ഷിനേതാക്കളും ഉൾപ്പെടെ ഞങ്ങളെല്ലാവരും വരുന്ന അവസരത്തിൽ, എല്ലാവരും ഭക്ഷണം കഴിച്ചോയെന്ന് തമാശയ്ക്ക് അന്വേഷിക്കുന്ന ആ സുഹൃത്ത്, എന്റെ ഫ്ലാറ്റിന്റെ തൊട്ടടുത്ത മുറിയിൽ താമസിച്ചിരുന്ന അദ്ദേഹം, എന്നും എന്നെപ്പോലുള്ളവരെ ശ്രദ്ധിക്കുന്ന ആ നല്ല മനുഷ്യന്റെ വേർപാടിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മറ്റുനേതാക്കളും പ്രകടിപ്പിച്ച വേദനയിൽ ഞാനും പങ്കുചേരുന്നു.

[9.19 AM]

ശ്രീ. കെ. എം. മാണി: സർ, മഞ്ചേശ്വരം എം.എൽ.എ. ആയിരുന്ന പി. ബി. അബ്ദുൽ റസ്സാക്കിന്റെ വേർപാട് നിയമസഭയ്ക്കും ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിനും കേരളത്തിനും വരുത്തിയിട്ടുള്ള നഷ്ടം അപരിഹാര്യമാണ്. അദ്ദേഹം എപ്പോഴും പ്രസന്ന വദനനായിരുന്നു. നമ്മൾ ഓരോരുത്തരെയും പുഞ്ചിരിയോടെ സമീപിക്കുന്ന പി. ബി. അബ്ദുൽ റസ്സാക്കിന്റെ മുഖം മനസ്സിൽ ഇപ്പോഴും തങ്ങിനിൽക്കുന്നു. മതേതരത്വത്തിന്റെ മുഖമായിരുന്നു അദ്ദേഹത്തിന്റേത്. പാവപ്പെട്ടവരുടെ അത്താണിയായിരുന്നു. പാവപ്പെട്ടവരെ സഹായിക്കാൻ അദ്ദേഹം എപ്പോഴും നല്ല പദ്ധതികൾ കാഴ്ചവച്ചിരുന്നു. പാവപ്പെട്ടവരോടൊപ്പം ജീവിച്ച് അവർക്കുവേണ്ടി സമർപ്പണം ചെയ്ത ഒരു പൊതുപ്രവർത്തകനായിരുന്നു. മഞ്ചേശ്വരം നിയോജകമണ്ഡലത്തിന്റെ സർവ്വതോന്മുഖമായ വികസനത്തിന് വേണ്ടി അദ്ദേഹം ചെയ്ത കാര്യങ്ങൾ എത്രയോ വലുതാണ്. അത് അവിടത്തെ ജനങ്ങൾ ഒരിക്കലും മറക്കുകയില്ല. അത്രമാത്രം നിസ്വാർത്ഥമായി സേവനം ചെയ്ത ഒരു വ്യക്തിയായിരുന്നു അദ്ദേഹം എന്ന് ഞാൻ പ്രത്യേകം പറയട്ടെ, കെ.ആർ.എസ്.യു. ഡയറക്ടർ, കാസർഗോഡ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എന്നീ നിലകളിൽ അദ്ദേഹം മികച്ച പൊതുജന സേവനം കാഴ്ചവച്ചിരുന്നു. മഞ്ചേശ്വരത്തെ വിവിധ സ്കൂളുകളിൽ ചെയർമാൻ സ്ഥാനം വഹിച്ചുകൊണ്ട് അദ്ദേഹം മണ്ഡലത്തിൽ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുവാനായി വളരെയേറെ സംഭാവനകൾ നൽകുകയുണ്ടായി. മുസ്ലീം ലീഗ് നാഷണൽ എക്സിക്യൂട്ടീവ് അംഗം, സംസ്ഥാന മുസ്ലീം ലീഗ് പ്രവർത്തക സമിതി അംഗം എന്നീ നിലകളിൽ പ്രവർത്തിച്ച അദ്ദേഹം മുസ്ലീം ലീഗിന്റെ കാസർഗോഡ് ജില്ലയിലെ മുഖമായിരുന്നു. തികഞ്ഞ പ്രതിച്ഛായയും, വ്യക്തിമുദ്രയും കാത്തുസൂക്ഷിച്ച അദ്ദേഹത്തിന്റെ വേർപാടിൽ ഉണ്ടായിരിക്കുന്ന സങ്കടത്തിൽ ഞാനും എന്റെ പാർട്ടിയും പങ്കുചേരുന്നു. അദ്ദേഹത്തിന്റെ ആത്മാവിന്റെ നിത്യശാന്തിക്കായി പ്രാർത്ഥിക്കുന്നു.

[9.22 AM]

ശ്രീ. തോമസ് ചാണ്ടി: സർ, പതിനാലാം കേരള നിയമസഭയിൽ നമ്മോടൊപ്പം ഉണ്ടായിരുന്ന പ്രിയപ്പെട്ട സഹോദരൻ പി. ബി. അബ്ദുൽ റസ്സാക്ക് ഇന്ന് നമ്മോടുകൂടിയില്ല. ഏഴ് വർഷക്കാലം എം.എൽ.എ. ആയി ഒരു നാടിന്റെ വികസനത്തിനുവേണ്ടി ധാരാളം നന്മകൾ ചെയ്യാൻ അദ്ദേഹത്തിന് കഴിഞ്ഞു. സൗമ്യമായ പെരുമാറ്റം, ജനാധിപത്യത്തിലടിയുറച്ച വിശ്വാസം എന്നിവ കൊണ്ടുതന്നെയാണ് ശക്തമായ തെരഞ്ഞെടുപ്പ് പോരാട്ടത്തിൽ കാസർഗോഡുള്ള ജനങ്ങൾ അദ്ദേഹത്തെ വിജയിപ്പിച്ചത്. അദ്ദേഹത്തിന്റെ ദേഹവിയോഗത്തിൽ, കുടുംബത്തോടും ബന്ധുമിത്രാദികളോടുമൊപ്പം എൻ.സി.പി. സംസ്ഥാന കമ്മിറ്റിയുടെ പേരിലും പാർലമെന്ററി പാർട്ടിയുടെ പേരിലും അനുശോചനം അറിയിക്കുന്നു. ആദരാഞ്ജലികൾ അർപ്പിക്കുന്നു.

[9.23 AM]

ശ്രീ. അനൂപ് ജേക്കബ്: സർ, പതിനാലാം കേരള നിയമസഭയിൽ വീണ്ടുമൊരു ചരമോപചാരം അർപ്പിക്കേണ്ട ദുഃഖകരമായ സാഹചര്യത്തിലാണ് നമ്മൾ എത്തിയിരിക്കുന്നത്. പി. ബി. അബ്ദുൽ റസ്സാക്കിന്റെ ദേഹവിയോഗത്തിൽ, അദ്ദേഹത്തിന്റെ കുടുംബത്തിനുണ്ടായ ദുഃഖത്തിൽ ഞാനും പങ്കുചേരുകയാണ്. അദ്ദേഹത്തെക്കുറിച്ച് ഓർക്കുമ്പോൾ ആദ്യം കടന്നുവരുന്നത് സൗമ്യമായ സമീപനമാണ്. അദ്ദേഹത്തെ ക്ഷുഭിതനായി കണ്ട സന്ദർഭം ഒരിക്കൽപ്പോലും ഉണ്ടായിട്ടില്ല. ജനങ്ങളോടുള്ള, ഭാഷാ ന്യൂനപക്ഷങ്ങളോടുള്ള പ്രതിബദ്ധത അദ്ദേഹത്തിന്റെ വാക്കുകളിലൂടെ സഭയിൽ ഉയർന്നുവന്നിട്ടുണ്ട്. ഒരു വ്യവസായിയിൽനിന്ന് ഒരു സാമൂഹിക പൊതു പ്രവർത്തകനായി അദ്ദേഹം മാറുകയായിരുന്നു. വ്യവസായി എന്ന നിലയിൽ ജനങ്ങളോടുള്ള അദ്ദേഹത്തിന്റെ താൽപ്പര്യം, സാധാരണക്കാരോടും പാവപ്പെട്ടവരോടുമുള്ള പ്രതിബദ്ധത പ്രവൃത്തികളിലൂടെ അദ്ദേഹത്തിന് പലവട്ടം തെളിയിക്കുവാൻ കഴിഞ്ഞു. തദ്ദേശഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷ പദവിയിൽനിന്ന് എം.എൽ.എ. ആയി വരാൻ കഴിഞ്ഞത് സ്വപ്രയത്നത്താലാണ്. ഇവിടെ ശ്രീ. എം. കെ. മുനീർ സൂചിപ്പിച്ചതുപോലെ അദ്ദേഹത്തിന്റെ വേർപാട് മുസ്ലീം ലീഗിന് മാത്രമല്ല കാസർഗോഡ് ജില്ലയ്ക്കും പൊതു സമൂഹത്തിനും തീരാ നഷ്ടം തന്നെയാണ്. മതേതരത്വത്തിൻെറ ഉത്തമ ഉദാഹരണമായി അദ്ദേഹമെന്നും നമുക്കിടയിൽ ഉണ്ടാകും എന്നതിൽ യാതൊരു സംശയവുമില്ല. അദ്ദേഹത്തിന്റെ വേർപാടിൽ അഗാധമായ ദുഃഖം രേഖപ്പെടുത്തുന്നു. എന്റെയും പാർട്ടിയുടേയും അനുശോചനം ഇവിടെ രേഖപ്പെടുത്തുന്നു.

[9.25 AM]

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, അങ്ങും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും ഉൾപ്പെടെയുള്ളവർ രേഖപ്പെടുത്തിയ അഭിപ്രായങ്ങളോട് ഞാനും ആത്മാർത്ഥമായി പങ്കുചേരുകയാണ്. സഭാംഗമായ പി. ബി. അബ്ദുൽ റസ്സാക്കിന്റെ അകാല ദേഹവിയോഗം വരുത്തിവച്ച ദുഃഖം ഘനീഭവിച്ചുനിൽക്കുന്ന ഈ അന്തരീക്ഷത്തിൽ ദീർഘമായ വാക്കുകൾക്ക് പ്രസക്തിയില്ലെന്ന് ഞാൻ കരുതുകയാണ്. നിയമസഭാംഗമാകുന്നതിന് മുമ്പുതന്നെ ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിന്റെ പ്രധാനപ്പെട്ട യുവജന പ്രവർത്തകരിൽ ഊർജ്ജസ്വലനായ യുവ നേതാവായിരുന്നു അദ്ദേഹം. കാസർഗോഡ് ലോകസഭാ മണ്ഡലത്തെ പ്രതിനിധാനം ചെയ്ത അവസരത്തിൽ അബ്ദുൽ റസ്സാക്കുമായി ആരംഭിച്ച സൗഹൃദ ബന്ധം അദ്ദേഹത്തിന്റെ മരണംവരെ തുടർന്നുകൊണ്ടിരുന്നു. എം.എൽ.എ.

ആകുന്നതിനുമുമ്പുതന്നെ ആ പ്രദേശത്തിന്റെ ബഹുമുഖമായ പ്രവർത്തനങ്ങളിൽ സജീവ സാന്നിദ്ധ്യത്തോടുകൂടി പ്രയത്നിച്ചിരുന്ന അദ്ദേഹത്തിന്റെ അകാല ദേഹവിയോഗം ഒരു തീരാനഷ്ടമാണ്. ജനാധിപത്യ മതേതര മൂല്യങ്ങൾ സംരക്ഷിക്കാനുള്ള കൂട്ടായ മുന്നേറ്റത്തിന്റെ പാതയിൽ പി. ബി. അബ്ദുൽ റസ്സാക്കിന്റെകൂടി പങ്കാളിത്തമുണ്ടാകേണ്ട അനിവാര്യമായ കാലഘട്ടത്തിൽ അദ്ദേഹത്തിന്റെ ദേഹവിയോഗം നമ്മെ ഏറെ വേദനിപ്പിക്കുന്നതാണ്. അബ്ദുൽ റസ്സാക്കിന്റെ ദീപ്തമായ ഓർമ്മകൾക്ക് മുമ്പിൽ ഞങ്ങളുടെ വിനയനിർഭരമായ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

[9.26 AM]

<u>ശ്രീ. ഒ. രാജഗോപാൽ</u>: സർ, കേരളത്തിന്റെ വടക്കേയറ്റം കന്നട ഭാഷ സംസാരിക്കുന്ന ധാരാളം ആളുകളുള്ള പ്രദേശമാണ്. ആ പ്രദേശത്തെ ആളുകൾ കർണ്ണാടകയിൽ ചേരണം എന്നുള്ള ഒരു മൂവ്മെന്റ് അവിടെ തുടങ്ങിയിരുന്നു. ആ സമയത്ത് കർണ്ണാടകയിൽ ചേരുകയല്ല, കേരളത്തിൽത്തന്നെ തുടരണമെന്ന അഭിപ്രായം ശക്തമായി വരികയും അതിനുവേണ്ടി കാസർഗോഡ് ജില്ല രൂപീകരിക്കുകയും ചെയ്ത സംഭവം നമുക്കറിയാം. ഇതിനൊക്കെ വലിയ പങ്ക് വഹിച്ചിട്ടുള്ള ആളാണ് പി. ബി. അബ്ദുൽ റസ്സാക്കും അദ്ദേഹത്തിന്റെ പാർട്ടിയും. എല്ലാ ഇലക്ഷനിലും പ്രധാനപ്പെട്ട രാഷ്ട്രീയ പ്രതിയോഗികളായി മത്സരിക്കുന്നത് ബി.ജെ.പി. അല്ലെങ്കിൽ ജനസംഘം, മുസ്ലീം ലീഗ് എന്നിവയാണ്. ഇവർ തമ്മിലായിരുന്നു പ്രധാന പോരാട്ടം. രാഷ്ട്രീയമായ അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടായിരുന്നുവെങ്കിൽത്തന്നെ വ്യക്തിപരമായോ സാമൂഹ്യമായോ യാതൊരു സംഘർഷവുമില്ലാതെ തികച്ചും ജനാധിപത്യപരമായ രീതിയിൽ മാതൃകാപരമായ പ്രവർത്തനമാണ് അദ്ദേഹം കാഴ്ചവച്ചിട്ടുള്ളത്. അദ്ദേഹത്തിന്റെ ദേഹവിയോഗത്തിൽ എന്റെയും എന്റെ പാർട്ടിയുടെയും അനുശോചനം രേഖപ്പെടുത്തുന്നു.

[9.27 AM]

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: സർ, പി. ബി. അബ്ദുൽ റസ്സാക്ക് എന്ന സഹപ്രവർത്തകൻ, സഹോദരൻ നമ്മെ വിട്ടുപിരിഞ്ഞുവെന്ന് വിശ്വസിക്കാൻ കഴിയുന്നില്ല. ബഹുമാന്യനായ സ്പീക്കറുടെ വാക്കുകൾ കടമെടുക്കുകയാണ്. ഒരിക്കൽ പരിചയപ്പെട്ടവർ ഒരിക്കലും മറക്കാത്ത സ്നേഹനിധിയായ ഒരു നല്ല മനുഷ്യൻ. അദ്ദേഹത്തെ ഡോ. എം. കെ. മുനീർ പറഞ്ഞതുപോലെ 'റദ്ദുച്ച' എന്നുവിളിക്കും. ആ മനുഷ്യസ്നേഹിയോടുള്ള മറ്റുള്ളവരുടെ അറ്റാച്ച്മെന്റ് ആ വിളിപ്പേരിൽത്തന്നെയുണ്ട്. ജനങ്ങളും സഹപ്രവർത്തകരും അദ്ദേഹത്തെ എത്രത്തോളം സ്നേഹിച്ചിരുന്നുവെന്ന് ആ വിളിപ്പേരിലൂടെ വ്യക്തമാകും. നമ്മൾ ഒരു

വ്യക്തിയെ പരിചയപ്പെട്ടുമ്പോൾ, ആ വ്യക്തി നമ്മളോട് എങ്ങനെ പെരുമാറിയിരുന്നു എന്നുള്ളത് കാലങ്ങൾക്കപ്പുറവും നമ്മുടെ മനസ്സിന്റെയുള്ളിൽ ഒരു ചിത്രമായി നമ്മൾ ചില്ലിട്ട് സൂക്ഷിക്കും. അങ്ങനെ സൂക്ഷിക്കുന്ന ഒരു ചിത്രമാണ് സുസ്മേരവദനനായ 'റദ്ദുച്ച'യുടേത്. അദ്ദേഹം ഒരു കാര്യം ആവശ്യപ്പെട്ടാൽ ഒരു മന്ത്രിയോ ഒരു സഹപ്രവർത്തകനോ ഒരുദ്യോഗസ്ഥനോ 'No' എന്നുപറയാൻ കഴിയാത്ത തരത്തിലുള്ള സൗമ്യ സാന്നിദ്ധ്യമായിരുന്നു. മതന്യൂനപക്ഷങ്ങളുടെയും ഭാഷാ ന്യൂനപക്ഷങ്ങളുടെയും മതേതരത്വത്തിന്റെയും കാവൽ ഭടനായി നിന്നുകൊണ്ട് ഭാരതത്തിന്റെ, കേരളത്തിന്റെ മതേതര ജനാധിപത്യത്തിന്റെ ശ്രീകോവിലിനുള്ളിൽ ഒരു വലിയ കൊടിക്കൂറയായി ഉയർത്തിപ്പിടിച്ച നല്ല നേതാവ്, അദ്ദേഹത്തിന്റെ തെരഞ്ഞെടുപ്പ് വിജയങ്ങൾ എപ്പോഴും മതേതരത്വത്തിനുവേണ്ടിയുള്ള വിജയങ്ങളായിരുന്നു. വ്യവസായിയായി വളർന്ന്, പാവപ്പെട്ടവർക്കുവേണ്ടി പ്രവർത്തിക്കുകയും ജീവിക്കുകയും കാസർഗോഡ് ജില്ലയുടെ വികസനത്തിനുവേണ്ടി, ജനങ്ങളുടെ നന്മയ്ക്കുവേണ്ടി പ്രവർത്തിക്കുകയും സർക്കാരിൽ നിന്ന് ലഭിക്കുന്ന ആനുകൂല്യങ്ങൾ വാങ്ങിക്കൊടുക്കുന്നതിനപ്പുറം സ്വന്തം സ്വത്ത്-സമ്പാദ്യങ്ങൾ ഉപയോഗിച്ചുപോലും പാവപ്പെട്ടവരെ സഹായിക്കാനുള്ള വലിയ മനസ്സ് കാണിച്ച ഒരു വ്യക്തിത്വം നമ്മോടൊപ്പം ഈ സഭയിലുണ്ടായിരുന്നുവെന്ന് പറയുന്നതുതന്നെ വളരെ അഭിമാനകരമായ കാര്യമാണ്. പി. ബി. അബ്ദുൽ റസ്സാക്കിന്റെ വേർപാടിൽ അദ്ദേഹത്തിന്റെ നാട്ടുകാർക്കും കുടുംബാംഗങ്ങൾക്കുമൊക്കെ ഉണ്ടായ ദുഃഖത്തിൽ, ഈ സഭയിലെ എല്ലാവരും രേഖപ്പെടുത്തിയ ദുഃഖത്തോടൊപ്പം എന്റെ പാർട്ടിയുടെയും എന്റെയും വ്യക്തിപരമായ അനുശോചനം അറിയിക്കുന്നു. അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തി നേരുന്നു.

[9.30 AM]

<u>ശ്രീ. എൻ. വിജയൻപിള്ള</u>: സർ, പി. ബി. അബ്ദുൽ റസ്സാക്കിന്റെ അകാല നിര്യാണത്തിൽ ഞാനും ഈ സഭയോടൊപ്പം ദുഃഖത്തിൽ പങ്കുചേരുന്നു. ഈ സഭയിൽ വന്നതിനുശേഷമാണ് അദ്ദേഹത്തെ എനിക്ക് പരിചയപ്പെടാൻ കഴിഞ്ഞത്. സുസ്മേരവദനനായി നമ്മോടൊക്കെ സഹകരിച്ച ഏറ്റവും പ്രിയപ്പെട്ട സുഹൃത്തായിരുന്നു പി. ബി. അബ്ദുൽ റസ്സാക്ക്. സഭാ നേതാവും പ്രതിപക്ഷ നേതാവും ബഹുമാനപ്പെട്ട സ്പീക്കറും മറ്റ് കക്ഷിനേതാക്കളുമെല്ലാം പറഞ്ഞത് ഞാൻ ശ്രദ്ധിച്ചുകൊണ്ടിരിക്കുകയായിരുന്നു. 7 വർഷത്തെ എം.എൽ.എ. എന്ന നിലയിലുള്ള അദ്ദേഹത്തിന്റെ ജീവിതത്തിലൂടെ കാസർഗോഡ് ജില്ലയ്ക്കും അദ്ദേഹത്തിന്റെ മണ്ഡലത്തിനും ധാരാളം മാറ്റങ്ങൾ വരുത്താൻ കഴിഞ്ഞിട്ടുണ്ട് എന്നാണ് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. സൗമ്യനും സുസ്മേരവദനനുമായ പി. ബി. അബ്ദുൽ റസ്സാക്കിന്റെ നിര്യാണംമൂലമുണ്ടായ ദു:ഖത്തിൽ അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളോടൊപ്പം ഞാനും പങ്കുചേരുന്നു.

[9.31 AM]

ശ്രീ. പി. സി. ജോർജ്: സർ, നമ്മുടെയെല്ലാം സഹോദരനായിരുന്ന പി. ബി. അബ്ദുൽ റസ്സാക്കിന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തുകയാണ്. സഭാനാഥനായ അങ്ങും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും കക്ഷിനേതാക്കളും പറഞ്ഞ അഭിപ്രായങ്ങളോട് ഞാനും നൂറ് ശതമാനം യോജിക്കുന്നു. അദ്ദേഹത്തിന്റെ സ്വഭാവം, പ്രവർത്തനം എന്നിവ ഇവിടെ എല്ലാവരും സൂചിപ്പിച്ചുകഴിഞ്ഞു. നല്ല വിദ്യാഭ്യാസ വിദഗ്ധനും പൊതുപ്രവർത്തകനും ജില്ലാ പഞ്ചായത്ത്/ഗ്രാമപഞ്ചായത്ത് പ്രതിനിധി, എം.എൽ.എ. എന്നീ നിലകളിലെല്ലാം അദ്ദേഹം ജനസമ്മതനായിരുന്നു. പക്ഷെ ആരും പറയാത്ത ഒരു കാര്യം കൂടിയുണ്ട്. അദ്ദേഹം നല്ലൊരു ബിസിനസ്സുകാരൻ കൂടിയായിരുന്നു. ഞാൻ അദ്ദേഹവുമായി ബന്ധപ്പെട്ടതുതന്നെ അങ്ങനെയാണ്. മുണ്ടക്കയം ഗ്രാമപഞ്ചായത്തുമായി ഒരു ജോയിന്റ് വെഞ്ച്വർ പ്രോഗ്രാം നടത്താൻ മുണ്ടക്കയത്ത് എത്തിയപ്പോഴാണ് അദ്ദേഹം ബിസിനസ് രംഗത്തും അതിപ്രഗത്ഭനാണെന്ന് ഞാൻ മനസ്സിലാക്കിയത്. അദ്ദേഹത്തിന്റെ നിര്യാണം ഈ സംസ്ഥാനത്തിന് വലിയ നഷ്ടമാണ് എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ആ നഷ്ടത്തിൽ ഞാൻ ഏറ്റവും പ്രാമുഖ്യം കൊടുക്കുന്നത് മതേതരമൂല്യങ്ങൾ ഉയർത്തിപ്പിടിക്കാനുള്ള അദ്ദേഹത്തിന്റെ പോരാട്ടമാണ്. മുസ്ലീം ലീഗിന്റെ പ്രതിനിധിയാണ് അദ്ദേഹം. അതോടൊപ്പം എല്ലാ മതവിഭാഗങ്ങളെയും ഒന്നിപ്പിച്ചുകൊണ്ടുപോകാനും വർഗ്ഗീയ ശക്തികൾ ആരൊക്കെയാണോ അവർക്കെതിരായി നിലപാട് സ്വീകരിക്കാനും മടി കാണിക്കാത്ത വലിയ മനസ്സിന്റെ ഉടമയായിരുന്നു പ്രിയങ്കരനായ പി. ബി. അബ്ദുൽ റസ്സാക്ക്. അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തി നേരുന്നു. അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളോടും പാർട്ടിയോടും എന്റെ ദുഃഖം അറിയിക്കുന്നു.

മി. സ്പീക്കർ: അന്തരിച്ച മഹദ് വ്യക്തിയോടുള്ള ആദരസൂചകമായി നമുക്ക് അൽപ്പസമയം എഴുന്നേറ്റുനിൽക്കാം.

(അന്തരിച്ച മഹദ് വ്യക്തിയോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപ്പസമയം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു.)

ഓർഡർ... ഓർഡർ.. സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2018 നവംബർ 28-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ രാവിലെ 9.33-ന് പിരിഞ്ഞു.)

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.